## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.7297 — 11.07.2014-ലെ മറുപടിക്ക്

## പാളയം രക്തസാക്ഷിമണ്ഡപം സർക്കാരിതര പരിപാടികൾക്കായി ഉപയോഗിക്കുന്നതിലെ നിബന്ധനകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ആഭിമുഖ്യത്തിൽ 2013 ജൂലായ് 1 മുതൽ നടത്തിവന്ന അനിശ്ചിതകാല ധർണ അവസാനിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ; | (എ). തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ആഭിമുഖ്യത്തിൽ 2013 ജൂലൈ 1 മുതൽ നടത്തി വന്ന അനിശ്ചിതകാല ധർണ 27.01.14-ൽ ആണ് അവസാനിച്ചത്. |
| (ബി). കേരള റോഡ് ഫണ്ട് ബോർഡിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലം ധർണ്ണയ്ക്കുവേണ്ടി ഉപയോഗിക്കുവാൻ അനുവാദം നൽകിയിരുന്നോ; എങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ; | (ബി). അനുവാദം നൽകിയിരുന്നില്ല. |
| (സി). പ്രസ്തുത സ്ഥലത്ത് സർക്കാരിതര പരിപാടികൾ നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള വാടകയും സെക്യൂരിറ്റി ഡെപ്പോസിറ്റും അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; വാടക യഥാസമയം ഒടുക്കാവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;<br>(ഡി). വാടക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) & (ഡി). ഇല്ല. വാടകയും സെക്യൂരിറ്റി ഡെപ്പോസിറ്റും ഒടുക്കിയതിനു ശേഷമാണ് രക്തസാക്ഷി മണ്ഡപ പരിസരം ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നത്. എൽ.ഡി.എഫ്. ആഭിമുഖ്യത്തിൽ ധർണ നടത്തുന്നതിന് വാടകയും സെക്യൂരിറ്റി ഡെപ്പോസിറ്റും ഒടുക്കണമെന്ന് 27.06.13-ൽ സി.പി.ഐ.എം. ജില്ലാ സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നുവെങ്കിലും അവ ഒടുക്കിയിരുന്നില്ല. വാടക ഒടുക്കണമെന്നാവശ്യപ്പെട്ട് പിന്നീട് പാർട്ടി ജില്ലാ സെക്രട്ടറിക്ക് രണ്ടു ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടുണ്ട്. |

(ഇ). രക്തസാക്ഷി മണ്ഡപത്തിന്റെ പരിസരപ്രദേശങ്ങൾ ഏതെങ്കിലും രാഷ്ട്രീയ കക്ഷികൾ അനധികൃതമായി ഉപയോഗിച്ചാൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; ഇക്കാര്യത്തിൽ അത്തരം നടപടികൾ എടുക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?

(ഇ). കേരള റോഡ് ഫണ്ട് ബോർഡിന്റെ 10.09.12-ലെ സർക്കലർ നമ്പർ.1391/പി.ഇ./കെ.ആർ.എഫ്.ബി./12 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ